മെട്രോ വാർത്ത 30 September 2022

## ദേശീയ റാങ്കിംഗിൽ

# സിഎംഎഫ്ആർഐ ഒന്നാമത്

കൊച്ചി: ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) റാങ്കിംഗിൽ ഫിഷറീസ്-അനിമൽ സയൻസ് വിഭാഗത്തിൽ കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) രാജ്യത്ത് ഒന്നാമതെത്തി. 2019 മുതൽ 2021 വരെ കാലയളവിലെ മികവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിലാണു സിഎംഎഫ്ആർഐ മുന്നിലെത്തിയത്.കൂടാതെ ഐസിഎആറിന് കീഴിൽ ആറ് വിഭാഗങ്ങളിലായുള്ള 93 ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ മൂന്നാമതാണു സിഎംഎഫ്ആർഐ. കേരളത്തിൽ ആസ്ഥാനമുള്ള അഞ്ച് ഐസിഎആർ സ്ഥാപനങ്ങളിൽ ഒന്നാമതെത്തിയതും സിഎംഎഫ്ആർഐയാണ്. രാജ്യത്തെ സമുദ്രമത്സ്യമേഖലയുടെ വികസനത്തിനായി കൂട്ടായ്മയോടെ നടത്തിയ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണു നേട്ടത്തെ കാണുന്നതെന്ന് ഡയറക്റ്റർ ഡോ എ. ഗോപാലകൃഷ്ണൻ പറഞ്ഞു.



*എറണാകുളത്തെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ ആസ്ഥാനം*

സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ ഗവേഷണപ്രവർത്തനങ്ങൾ, കൂടുകൃഷി, കടൽപായൽ കൃഷി ഉൾപ്പെയുള്ള സമുദ്രകൃഷിരീതികൾ ജനകീയമാക്കുന്നതിനുള്ള ശ്രമങ്ങൾ, വാണിജ്യപ്രധാന മീനുകളുടെ വിത്തുൽപാദന സാങ്കേതികവിദ്യകളുടെ വികസനം, കടലിൽ നിന്നുള്ള ഔഷധോൽപ്പന്ന നിർമാണം, മത്സ്യ മേഖലയുടെ സുസ്ഥിരപരിപാലനം ലക്ഷ്യമിട്ടുള്ള നയരൂപീകരണവുമായി ബന്ധപ്പെട്ടു നടത്തിയ പഠനങ്ങൾ, സാമൂഹിക-സാമ്പത്തിക പഠനങ്ങൾ തുടങ്ങി വൈവിധ്യമായ മേഖലകളിലെ പ്രവർത്തനങ്ങളാണു പട്ടികയിൽ മികവ് പുലർത്താൻ സിഎംഎഫ്ആർഐക്ക് സഹായകമായത്. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സിഎംഎഫ്ആർഐക്ക് കേരളത്തിൽ കോഴിക്കോട്, വിഴിഞ്ഞം ഉൾപ്പെടെ ഗുജറാത്തിലെ വെരാവൽ, മുംബൈ, കാർവാർ, മംഗലാപുരം, ചെന്നൈ, തൂത്തുകുടി, മണ്ഡപം, വിശാഖപട്ടണം, പശ്ചിമബംഗാളിലെ ദിഘ എന്നിവിടങ്ങളിൽ ഗവേഷണ കേന്ദ്രങ്ങളുണ്ട്.